ശ്രീ. ടി. കെ. നാരായണപിള്ള:

ഇപ്പോൾ തിരുവിതാംകൂറിൽ പോലീസുകാക്ക് ഫ ൦ രൂപാ ശമ്പളവും ഫ നൂ മുതൽ ഫ ൪ രൂപാവരെ അലവൻസും കിട്ടും. കൊച്ചിൻ ഡിസ്ട്രിക്ടിലെ പോലീസുകാരനു ഫ ൪ മുതൽ നൂ ൪ രൂപാവരെ ശമ്പളവും ഫ ഫ മുതൽ ഫ ൽ രൂപാവരെ അലവൻസും കിട്ടും.

UNSTARRED QUESTIONS

ഐക്യസംസ്ഥാനത്തിലെ പ്രൈമറി സ്കൂളുകൾ

൧൦. (൧) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ കൊച്ചിസ്റ്റേറ്റിൽ ആകെ എത്ര പ്രൈമറി സ്കൂളുകൾ ഉണ്ടെന്നു പറയുവാൻ ദയവുണ്ടാകുമോ;

(ബി) അവയിൽ എത്ര സ്കൂളുകളിൽ ക്രിസ്ത്യൻ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ടെന്നു പറയുവാൻ ദയവുണ്ടാകുമോ;

(സി) ക്രിസ്ത്യൻ സമ്പ്രദായം ഏർപ്പെടുത്തിയ സ്കൂളുകളിൽ പ്രൈവറ്റ് സ്കൂളുകൾ എത്രയെന്നും ഡിപ്പാർട്ടുമെന്റൽ സ്കൂളുകൾ എത്രയെന്നും പറയാമോ;

(ഡി) ക്രിസ്ത്യൻസമ്പ്രദായം എല്ലാസ്കൂളുകളിലും ഏർപ്പെടുത്തണമെന്നു ഗവർമ്മെണ്ടു വിചാരിക്കുന്നുണ്ടോ;

(ഇ) ക്രിസ്ത്യൻ സമ്പ്രദായം നിറുത്തണമെന്നോ തുടരണമേന്നോ ഏതാണു ഗവർമ്മെണ്ടിന്റെ നയമെന്നു ദയവായി പറയുമോ;

(എഫ്) ക്രിസ്ത്യൻസമ്പ്രദായം മൂലം എത്ര അദ്ധ്യാപകന്മാർ ജോലിയില്ലാതായിതീർന്നു? അവരിൽ എത്രപേർക്ക് ഉദ്യോഗം കൊടുത്തു?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:

(എ) നൂ വ്യ ൪ ഫ.

(ബി) നൂ ഫ ഫ ൫.

(സി) പ്രൈവറ്റ് സ്കൂളുകൾ. ഫ ൦ ൭ ൭.
ഡിപ്പാർട്ടുമെന്റൽ സ്കൂളുകൾ ഫ ൦ ൪ ന്യ.

(ഡി) ഇല്ല.

(ഇ) നിറുത്തണമെന്നാണ് ഗവർമ്മെണ്ടിന്റെ തീരുമാനം.

(എഫ്) ൯ ൪ ൫. അവരിൽ ൫൯ ഫ പേരെ ഗവർമ്മെണ്ടു് സർവ്വീസിൽ എടുത്തു.

തൊഴിലാളികൾ

൧൧. (ഫ) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ലേബർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ കൊച്ചിൻ സ്റ്റേറ്റിൽ എത്ര തൊഴിലാളികൾ ഉണ്ടെന്നു പറയാമോ? അവരിൽ ഇപ്പോൾ (൧൯൫൦)-ൽ തൊഴിലില്ലാത്തവരായി എത്ര പേർ ഉണ്ടെന്നു പറയാമോ;

(ബി) ഫാക്ടറികൾ അടച്ചിട്ടതുമൂലം തൊഴിലില്ലാത്തവരായിത്തീർന്നിട്ടുള്ളവർ എത്ര പേരെന്നു പറയുവാൻ ദയവുണ്ടാകുമോ;

(സി) ഫ൯൫ ൫ അവസാനമാകുമ്പോഴേക്കു എത്ര (വീടില്ലാത്ത) തൊഴിലാളികൾക്കു വീടുവെച്ചു കൊടുക്കാമെന്നു ഗവർമ്മെണ്ടു വിചാരിക്കുന്നു.

(ഡി) ഫ൯൫-ൽ എത്ര വീടുകൾകെട്ടിച്ചു കൊടുക്കാമെന്നു ഗവർമ്മെണ്ടുദ്ദേശിക്കുന്നു;

(ഇ) തൊഴിലില്ലാതെ വലയുന്ന തൊഴിലാളികൾക്കു് തൊഴിലുണ്ടാക്കുന്നതിനെപ്പറ്റി ഗവർമ്മെണ്ടിനു എന്തെങ്കിലും പദ്ധതിയുണ്ടോ;

(എഫ്) കമ്മൂണിസം വളർക്കുന്നതിന്റെ ഒരു കാരണം തൊഴിലാളികൾക്കു തൊഴിലില്ലാത്തതാണെന്നു ഗവർമ്മെണ്ടിനറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:

(എ) ഉദ്ദേശം ൯ ൫൦൫ ൭. ഫ൯൫ ൦-ൽ തൊഴിലില്ലാത്തവരുടെ എണ്ണം കണക്കെടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉദ്ദേശം ൧൯൫൯൩൦.

(സി) കർഷകത്തൊഴിലാളികൾക്ക് ൧൦൦, ഫാക്ടറിതൊഴിലാളികൾക്ക് ൭൫൦ വീടുകൾ ൧൯൫൯ @ അവസാനത്തിനു മുമ്പ് പണി തീർന്നതാണ്.

(ഡി) ൧൯൫൪—൫൯-ൽ നടപ്പുവാനുദ്ദേശിക്കുന്ന ഭവനനിർമ്മാണ പദ്ധതിയിലും തൊഴിലാളികളെ ഉൾപ്പെടുത്തുന്നതാണ്. ഏതു വീടുകളാണെന്നുള്ളതിനെപ്പറ്റി ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

(ഇ) തൊഴിലില്ലാത്തവർക്ക് തൊഴിൽ ഉണ്ടാക്കികൊടുക്കുന്ന കാര്യത്തിൽ ഗവൺമെണ്ട് കഴിവുള്ളതെല്ലാം ചെയ്തു കൊടുക്കുന്നു.

(എഫ്) അതും ഒരു കാരണമായിരിക്കാം.

ഹിന്ദി അദ്ധ്യാപകനില്ലാത്ത വിഷമം

൧൭൨. (൩) സാഹിബ് ബഹദൂർ വി. ചെലാതിരാവുത്തർ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

തലപ്പള്ളി താലൂക്കിലെ വടക്കാഞ്ചേരിയിലുള്ള സർക്കാർ ഹൈസ്കൂളിൽ ഹിന്ദിഭാഷ ഐശ്ചികമായി എടുത്തിട്ടുള്ള കുട്ടികൾക്ക് ഹിന്ദി അദ്ധ്യാപകനില്ലാതെ വിഷമിക്കുന്ന സംഗതി ബഹുമാനപ്പെട്ട ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:

ഉവ്വ്. അവിടെ ഒരു ഹിന്ദി അദ്ധ്യാപകനെ ഇപ്പോൾ നിയമിച്ചിട്ടുണ്ട്.

ആയുർവ്വേദാശുപത്രികളിലെ ചികിത്സ

* ൧൭൩. (൭) ശ്രീ. എ. എൽ. ജേക്കബ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ആരോഗ്യവകുപ്പു മന്ത്രി സദയം മറുപടിനൽകുമോ.—

(എ) തിരുവിതാംകൂർ കൊച്ചി സംസ്ഥാനത്തെ ആയുർവ്വേദാശുപത്രികളുടെ പട്ടികയും, കഴിഞ്ഞ ൧൯ മാസക്കാലത്തിനുള്ളിൽ ഓരോ ആശുപത്രിയിലും ചികിത്സിച്ചിട്ടുള്ള രോഗികളുടെ സംഖ്യയും മേശപ്പുറത്തു വയ്ക്കുമോ;

(ബി) ഓരോ ആയുർവ്വേദാശുപത്രിയിലും കിടത്തി ചികിത്സിക്കാനുള്ള ഇൻ-പേഷ്യന്റ് ബഡ്ഡുകളുടെ സംഖ്യ എത്ര;

(സി) ഓരോ ആയുർവ്വേദാശുപത്രിയിലേയും ചീഫ് ഫിസിഷ്യന്റെയും സീനിയർ ഫിസിഷ്യന്റെയും ശമ്പളഗ്രേഡ് എന്ത്?

ശ്രീ. എ. ജെ. ജോൺ:

(എ) ആയുർവ്വേദാശുപത്രികളുടെ പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ട്. അതിൽ ഓരോ ആശുപത്രിയിലും ചികിത്സിച്ചിട്ടുള്ള രോഗികളുടെ സംഖ്യയും കാണിച്ചിട്ടുണ്ട്.

(ബി) അഴീക്കോട് ആയുർവ്വേദാശുപത്രിയിൽ ൧൦ ബഡ്ഡുകൾ
ചെറുതുരുത്തി ,, ൨൫ ,,
എറണാകുളം ,, ൩൦ ,,
കൊടകര ,, ൧൦ ,,
മട്ടാഞ്ചേരി ,, ൧൦ ,,
പള്ളിപ്പുറം ,, ൫ ,,
രാമവർമ്മ സെൻട്രൽ ആയുർവ്വേദാശുപത്രി, തൃശ്ശൂർ ,, ൨൫ ,,
തത്തമംഗലം ആയുർവ്വേദാശുപത്രിയിൽ ൧൦ ,,
തുപ്പുണിത്തുറ ,, ൧൦ ,,
തിരുവനന്തപുരം ,, ൪൦ ,,
നെയ്യാറ്റിൻകര ,, ൨൫ ,,

(സി) സീനിയർ ഫിസിഷ്യൻ അഴീക്കോട് ൫൦—൬൦
,, ,, ചെറുതുരുത്തി ൫൦—൬൦
ചീഫ് ,, എറണാകുളം ൬൦—൭൫ @
സീനിയർ ,, കൊടകര ൫൦—൬൦
,, ,, മട്ടാഞ്ചേരി ൫൦—൬൦

LIBRARY ARCHIVES Kerala Legislative Assembly